Vol. 2, Issue :12 Parish Bulletin December 2015

# Stephanian

St. Stephens Indian Orthodox Congregation

Kuwait




My Dear beloved in Christ.

Greetings to all in the name of our Saviour Lord Jesus Christ.

Indeed I am very happy to know that a monthly bulletin "Stephanian" is publishing by our Parish in every month beginning and with immense pleasure and with glad I am writing my first letter as your new Vicar.

As we are entering the last month of the year, first of all, we should thank our God for His abundant mercy showered upon us during all these days of the current year 2015.

Christmas is upon us yet again. Even though the Christmas is the queen of festivals, we are insisted to celebrate this festival with very reverence. From the first day of the December we are observing 25 days lent. So that this Christmas should really a meaningful in our life. Although the event is associated with celebration, it can be a nightmare for some families. Christmas has become so commercialised over the years, that it has lost its true meaning. As we approach the festive season, we'll be mercilessly bombarded with adverts of expensive toys and gadgets that promise to make our children deliriousely happy and the envy of their friends. As a result, our youngsters are programmed to expect gifts, despite the financial situation of the family.

The responsibility lies with us parents to ensure that we instil family values that will stand the test of time. The Bible says in Proverbs 22:6, "Train up a child in the way he should go, and when he is old he will not depart from it." How do we apply this Scripture in the real world? Christ's Mission is to call out a people and form them into His own likeness, but it seems we are more interested in forming Christ into our image. So let us pray in this Christmas season that, Oh! Almighty God make us to Thy image and likeness. May God help us.

Wish you all a **"Merry Christmas" and "Happy New Year"**

May God bless us all.

Yours in the service of our Saviour Lord Jesus Christ,

**Sanju Achen.**

Mob.: 99153036

## Harvest Fest 2016

**The Third Harvest Fest of the Parish will be on February 5th Friday.**

The following committees are working for the successful outcome of Harvest Fest.

| | |
|---|---|
| **General Convr.** | **: Mr. Mathews Oommen** |
| Jt. General Convr. | : Mr. V.Y Thomas |
| Finance Convr. | : Mr. Varghese V.T. |
| Reception Convr. | : Mr. Suby George |
| Reception Jt. | : Mr. Varghese Joseph |
| Coupon Convr. | : Mr. Alex P. George |
| Coupon Jt | : Mr. John Varghese |
| Program Convr. | : Mr. Philippose K M |
| Program Jt. | : Mr. Binoy K.J. |
| Food Convr. | : Mr. Saju Mathew |
| Food Jt. | : Mr. Shibu Chandroth |
| Souvenir Convr. | : Mr. Anil Abraham |
| Souvenir Jt. | : Mr. Alexander Y.S. |
| Advertisement Convr. | : Mr. Laji Joseph |
| Advertisement Jt. | : Mr. Mathew Varghese |
| Facility Convr. | : Mr. Ginu Thomas |
| Facility Jt. | : Mr. George Papppachan |
| Stage & Sound Convr. | : Mr. Litty M. Toms |
| Stage & Sound Jt. | : Mr. Anoop Mathew |
| Publicity Convr. | : Mr. Saju Stephen |
| Publicity Jt. | : Mr. Joys. P. Chacko |
| Transportation Convr. | : Mr. Soji Varghese |
| Transportation Jt. | : Mr. Shobin Yohannan |
| Volunteer Convr. | : Mr. Cherian V. T. |
| Volunteer Jt. | : Mr. Shaju John |

All parishoners are requested to support, co-operate & participate whole heartedly for the success of this Great Event.




**Yeldho Perunnal / X'mas Service :** The Holy Qurbana & Perunnal service will be on 24th December, Thursday, 8:00 pm.

**X'Mas & New Year Retreat :**
H.G Alexios Mar Eusebius will be leading the retreat on 30th & 31st Dec. 2015
Time : 6:30 pm - Sandhya Namaskaram
7 :30 pm - Retreat

**New Year Service :** The Holy Qurbana will be on 1st January, Friday, 6:30 am. Celebrated by H.G Alexios Mar Eusebius.

**Stephanian Festivity (X'Mas New Year Get-together & Parish Day Celebration) :**
The programm will be on, Friday 1st January 2016, 6.30 pm - 9.30 pm.



**X'mas Carol Service :** The X'mas Carol Team of respective prayer groups will be visiting your house from 10th December.

**Children's Day / OKR Sunday School Day :** The Sunday School Day will be celebrated on 4th Dec. in Gulf Region.

**Feast of St. Thomas (Dec. 21) : The Holy Qurbana & Perunnal service will be on 20th Sunday 6: 30 pm, ACE's Hall.**

**Schedule of Worship : Venue - ACE's Hall , Near Subway Rest., Abbasiya**
Every Friday Holy Qurbana - 6:30 am - 9 am. **(Morning Service)**
Every Sunday Holy Qurbana - 6:30 pm to 8:30 pm **(Evening Service)**
**Holy Qurbana on 2nd Saturday (12-12-15) 7:00 am to 9:00 am (NECK South Tent)**

**Free Transportation Facility** : To & fro free transporation facility is available to all who attend the Holy Qurbana of SSIOC at ACE Hall, Abbasiya.

*Contact Details :* **Mr. Kuriachan P.K. : 96681598** *(Transportation Gen. Co.ordinator)*
**Mr. Cherian V.T. (Farwaniya & Khaitan) : 99285095, Mr. Joby Chacko. (Hawally & Salmiya) : 55005114**
**Parish Trustee : Mr. Raju K. : 99476337, Parish Secretary : Mr. Binu Thomas : 50166267**


*For private circulation only*

## Prayer Meeting Schedule for Dece.-2015

**Prayer Group General Secretary : Mr. Mathews Oommen - 69950722**

| | | | | | |
|---|---|---|---|---|---|
| **St. Gregorios Prayer (Abbasiya) Secretary : Mr. Binu Varghese - 66764194 / 65837243 (Time : 5:00 pm)** | | | | | |
| 04-12 | Mr. Alexkutty Kochukunju | Opp Malabar Hotel | Flr. 02 | Flat 11 | 24310699 |
| 11-12 | Mr. Mathew Varghese | Kubkub Faithair Building | 03 | 12 | 99781931 |
| 18-12 | Mr. Jacob Thomas | Internet Bldg., Behind Telecommunication | 02 | 03 | 94975828 |
| **St. Basil Prayer (Abbasiya) Secretary : Mr. Alex P. George - 97435242 (Time : 5:00 pm)** | | | | | |
| 04-12 | Mr. Rinu K. Thomas | Lulu Exchange Building | 08 | 24A | 99688572 |
| 18-12 | Mr. Jose George | Opposite to Substation | 04 | 19 | 24316560 |
| **St. Dionysius Prayer (Abbasiya) Sec : Mr. Robin Abraham - 65087056 / Mr. Jinu Thomas - 66572888 (Time : 5:30 pm)** | | | | | |
| 04-12 | Mr. Anil Idiculla | Saif Household Bldg. | GF | 20 | 97422823 |
| 11-12 | Mr. Robin Abraham | Dyna Rest Bldg. (Near to Safa Al-Marwa Rest) | 5 | 23 | 99254528 |
| 18-12 | Mr. Sunil Jacob | Walk n Style Bldg. | 4 | 15 | 96960165 |
| **St. George Prayer (Abbasiya) Secretary : Mr. Shibu Abraham - 60034002 (Time - 5:30 pm)** | | | | | |
| 04-12 | Mr. John Mathew | Madan Saloon Building | GF | 34 | 65684268 |
| 18-12 | Mr. Ronny Jacob | Near Hada Center | GF | 23 | 98930808 |
| **St. Mary's Prayer (Riggai) Secretary : Mr. Babukutty K. Mathew - 50322192 (Time-7:30 pm)** | | | | | |
| 04-12 | Mr. Vinod K John | Building #2, Opp.Plaza Restaurant, New Riggae | 02 | 08 | 69903354 |
| **St. John's Prayer (Hawally, Salmiya & Abuhalifa) Secretary : Mr. Shibu Abraham - 51077900 (Time-6:30 pm)** | | | | | |
| 18-12 | Mr. Jiju David | Block 12, Bldg. 10, Salmiya | GF | 02 | 99556105 |
| **St. Thomas Prayer (Farwaniya, Khaitan) Secretary : Mr. Cherian V.T. - 99285095 (Time - 6:30 pm)** | | | | | |
| 04-12 | Mr. V Y Thomas | Opp. Indian Community School, Bldg.28, Khaitan | 03 | 13 | 97924739 |

## happy birthday




Aksa Anna Binu, Dana Mathew, Niya Susan Binoy, Santo Santhosh, Aaron Jacob Ronny, Abigail Shony, Nadhan Rinchu Varghese, Mathew Chacko Parackel

HEARTFUL WISHES

# ഓഫർത്താ സംസാരിക്കുന്നു

ഫാ. അബ്രഹാം വർഗീസ്

പാപം മൂലം അകന്നുപോയ സൃഷ്ടിക്ക് പൗരാണീക മഹിമ നൽകുവാൻ സൃഷ്ടാവ് സ്വയം വിനീതനായിത്തീർന്ന രാത്രിയാണ് ക്രിസ്തുമസ് രാവ്. ദൈവപുത്രൻ മനുഷ്യനുമായി താദാത്മ്യപ്പെട്ട് മർത്യഭാഷയിൽ സംസാരിച്ച മർത്തീകരണ രഹസ്യത്തിന്റെ ആഘോഷമാണ് ക്രിസ്തുമസ്. കാലത്തിനും, സമയമെന്ന പ്രതിഭാസത്തിനും അതീതനായ ദൈവം കാലചക്രത്തിനുള്ളിലേക്ക് കടന്നു വന്നു. പരിമിതികൾക്ക് അതീതനായ ദൈവം മനുഷ്യന്റെ പരിമിതികൾക്ക് ഉള്ളിലേക്ക് സ്വയം ഇറങ്ങിവന്നു. ചരിത്രത്തെ നിയന്ത്രിക്കുന്ന ദൈവം, കാലഘട്ടത്തെ രണ്ടായി വിഭജിച്ചുകൊണ്ട് ചരിത്ര താളുകളിൽ രേഖപ്പെടുത്തുവാൻ മാത്രം ചരിത്രപുരുഷനായി ജഢമെടുത്തു. ആനാദിയിൽ പിതാവിൽ നിന്ന് ജനിച്ചവൻ, കാലത്തികവിൽ കന്യാകമറിയമിൽ നിന്ന് ശാരീരിക പിതാവില്ലാതെ ജഡം ധരിച്ചു. ദൈവമെങ്ങനെ മനുഷ്യനായി തീരും? അടിയേററ് മുറിഞ്ഞ പാടുകൾ ഉള്ള കോമളത്വം ഇല്ലാത്തവനെ എങ്ങനെ ദൈവം എന്നു വിളിക്കും? മർത്തികരണത്തെ സംബന്ധിച്ച എല്ലാ ചോദ്യങ്ങൾക്കും ഉത്തരമായി വലിയരഹസ്യം എന്ന് ഒററവക്കിൽ പിതാക്ക്മ്മാർ ഉപസംഹരിക്കുന്നു. പറഞ്ഞുതീരാത്ത സംഗതി എങ്ങനെ വാക്കുകൾക്കുള്ളിലാക്കും? നിർവചനത്തിന് അതീതമായതിനെ എങ്ങനെ നിർവചിക്കും?. പരിമിതമായ് മനുഷ്യബുദ്ധിക്ക് അതീതമായ മർത്തീകരണ രഹസ്യത്തിന്റെ ആഘോഷമാണ് എൽദോപ്പെരുന്നാൾ.

ക്രിസ്തുമസ് ആഘോഷങ്ങളുടെ തിരുന്നാൾ ആണ്. ആത്മീകത നഷ്ടപ്പെട്ട ആഘോഷം മാത്രമായാൽ അപകടം പതിയിരിക്കുന്നു. ആത്മീകതയുടെ അടിത്തറയിൽ നിന്നുകൊണ്ട് മാത്രമേ പെരുന്നാളുകളെ എതിരേൽക്കാവൂ. അടിത്തറ എന്നും ആവശ്യമാണ്, വൃക്ഷത്തെ നിലനിർത്തുന്ന വേരുപടലത്തിന്റെ അദൃശ്യസാന്നിധ്യം പോലെ യൽദോപെരുന്നാളിനും അദൃശ്യമായ ആത്മിക അടിത്തറ നമുക്ക് ഉണ്ടാകണം. നോമ്പും പ്രാർത്തനയും ഉപവാസവും നിഷ്ടയും, വിശുദ്ധിയും, കരുണയും ഈ അടിത്തറയെ പ്രതിനിധാനം ചെയ്യുന്നു. ഇന്ന് ആഘോഷത്തിന് അമിതപ്രാധ്യാന്യം നൽകുന്നു. വെട്ടിമാററിയ മരചില്ലകളിൽ ക്രിസ്തുമസ്ട്രീ ഒരുക്കി ക്രിസ്തുമസിന്റെ പ്രാപഞ്ചിക വീണ്ടെടുപ്പ് സന്ദേശവും നൽകുന്നു. ആയിരക്കണക്കിന് ജീവികൾ കൊലചെയ്യപ്പെട്ട് തീൻ മേശകളിൽ എത്തുന്നു. പലവിധ കാരണങ്ങളാൽ നിറകണ്ണുകളോടെ ക്രിസ്തുമസ് രാവിന്റെ യാമങ്ങൾ എണ്ണിത്തീർക്കുന്നവർക്കിടയിൽ മനസാക്ഷികുത്ത് ഇല്ലാതെ നാം ആഘോഷിക്കുന്നു. താദാത്മ്യപ്പെടൽ നഷ്ടമായ ക്രിസ്തുമസ് വികലമായ സന്ദേശം നൽകുന്നു.

മദ്യപാനം ആഘോഷത്തിന്റെ പ്രധാന ചേരുവയാണ്. പലരും ആദ്യമായി മദ്യം രുചിക്കുന്നത് ക്രിസ്തുമസ് ദിനത്തിലാണ് എന്നത് വിരോധാഭാസം. ചൂഷണം, പീഢനം, ആസക്തി, മദ്യപാനം, അശുദ്ധി, ആർത്തി.... നീളുന്ന പട്ടിക നമ്മിലേക്ക് കടന്നു കയരുന്നു. ഏതാണ്ട് എല്ലാ മേഖലകളെയും ഈ അർബുദം കാർന്ന് തിന്നുന്നു. ഏലിയാവിനെപ്പോലെ രക്ഷിതരുടെ ഒരു ന്യൂനപക്ഷം ക്രിസ്തുഭാവമുള്ളവരായി നമുക്കിടയിൽ ഉണ്ട് എന്നുള്ളത് വിസ്മരിക്കുന്നില്ല. അവരുടെ സാന്നിധ്യം ഉള്ളതിനാലാകാം ലോകം ഇന്നും ശാപമേൽക്കാതെ പോകുന്നത്. ഭൂരിപക്ഷവും മുഴുകിയിരിക്കുന്ന സാഹചര്യങ്ങൾ സംവദിക്കുന്നത് വിപരീത സന്ദേശമാണ്. ആന്തരിക ഭാവം നഷ്ടപ്പെട്ട ക്രിസ്തുമസ് ആഘോഷത്തിന് അർത്ഥമില്ല.

ചെറിയ പട്ടണമായ ബേത്‌ലഹേം എഫ്രാത്ത രക്ഷകനെ സ്വീകരിച്ചതിനാൽ എല്ലാം നഗരങ്ങളെക്കാളും പ്രൗഢിയിൽ ഇന്നും നിൽക്കുന്നു. കുറച്ചുകൂടി ലാളിത്യത്തിലേക്ക് നാം മടങ്ങിപ്പോയേ തീരൂ. സ്ഥലകാലപരിമിതികളിൽ ഉൾക്കൊള്ളുവാൻ കഴിയാത്ത ദൈവത്തെ സ്വീകരിച്ച ലോകത്തിന് നൽകിയ ബത്‌ലഹേം എഫ്രാത്തയും ലാളിത്യത്തിന്റെ സുവിശേഷം കാലഘട്ടത്തിന് ഏറെ അനുയോജ്യമാണ്. ലോകത്തിന് മനുഷ്യപുത്രനെ കാട്ടിക്കൊടുക്കുക എന്നതാണ് സഭയുടെ ദൗത്യം. പ്രഥമവും പ്രധാനവുമായ ഈ ദൗത്യം വിസ്മരിക്കപ്പെട്ടാൽ മനുഷ്യാവതാരത്തിന്റെ തുടർച്ച എന്ന വിശേഷണം നമ്മിൽ നിന്ന് ഉരിഞ്ഞെടുക്കപ്പെടും. മുന്തിരിവള്ളിയിൽ നിന്നുള്ള ബന്ധം വിഛേദിക്കപ്പെട്ടാൽ ജീർണ്ണത ആരംഭിച്ചു. കാരം നഷ്ടമായ ഉപ്പിന്റെ വിധിയും പുറത്തേക്ക് എറിയപ്പെടുക എന്നതാണ്. കച്ചവട സംസ്കാരവും, ഉപഭോഗതൃഷ്ണയും വരിഞ്ഞുമുറുകുന്ന തിരുജനനപ്പെരുന്നാളിന്റെ യഥാർത്ഥ ആന്തരികാർത്ഥം സംവദിക്കപ്പെടുവാൻ നാം മുഖാന്തരമായി തീരുന്നു.

ബേത്‌ലഹേം ഓഫർത്തായിലെ പശുത്തൊഴുത്തും, വൈക്കോൽ കിടക്കയും, പിള്ളക്കച്ചയും ദൈവപുത്രന് മതിയായിരുന്നു. മിണ്ടാപ്രാണികൾ തിരുജനനത്തിന് സാക്ഷികളായി. പാണ്ഡിത്യത്തിന്റെ ഗർവ് ഇല്ലാതിരുന്നതിനാലാകാം ജ്ഞാനികൾ ദൈവപുത്രന്റെ അടുക്കൽ എത്തിയത്. അറിവ് കൂടുന്നതിന് ആനുപാതികമായി ഹൃദയശുദ്ധി കൈവരിക്കാതിരുന്നാൽ വഴികാട്ടികളായ നക്ഷത്രങ്ങളുടെ എണ്ണം കുറയും എന്ന് ജ്ഞാനികൾ നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യപുത്രന്റെ വളർച്ചയിൽ സ്നേഹിതരായി കൂടെ കൂടിയത് ചുങ്കക്കാരും പാപികളുമായിരുന്നു. കഠിനാധ്വാനികളായ കുറെ പാവങ്ങൾക്ക് മേലാളന്മാർ ചാർത്തിക്കൊടുത്ത പട്ടമാണ് പാപികൾ എന്ന വിളിപ്പേര്. സ്വന്തം പട്ടണത്തിൽ പരിഹസിക്കപ്പെടുമ്പോൾ ക്രിസ്തു തൃപ്തനായിരുന്നു. ലാളിത്യവും, തൃപ്തിയും, ആത്മീകതയും ഒരേ നിരയിൽ ഇരിക്കുന്നവയാണ്. ആഡംബരവും ധൂർത്തും പകർച്ചവ്യാധിപോലെ നമുക്കിടയിൽ പടർന്നു പിടിക്കുന്നു. സ്വർണ്ണവില ഉയരുന്നു. കൊട്ടാര സദൃശ്യമായ കൂററൻ കെട്ടിടങ്ങളിൽ താമസിക്കുവാൻ ആളില്ല. എല്ലാം പൊങ്ങച്ചത്തിന്റെ പ്രതീകങ്ങൾ. ദേവാലയ ആരാധനയിൽ പോലും കുഞ്ഞുങ്ങളുടെ സാന്നിധ്യം തീരെ കുറയുന്നു. ബാലൻ നടക്കേണ്ട വഴി അഭ്യസിപ്പിക്കുവാൻ മുതിർന്ന തലമുറയ്ക്ക് സമയം ലഭിക്കുന്നില്ല. നോമ്പും ഉപവാസവും മുറതെറ്റാതെ പാലിക്കുന്നു. എന്നാൽ ആഡംബരത്തിൽ കുറവൊന്നുമില്ലായെങ്കിൽ ആത്മീകതയ്ക്ക് എന്തോ തകരാറുണ്ട്. ക്രിസ്തുയേശുവിന്റെ വെളിവാക്കപ്പെട്ട ഭാവത്തിൽ ജീവിക്കുന്നതാണ് യഥാർത്ഥ ആത്മീകതയെങ്കിൽ, അതിരുകടന്ന ആസക്തിയും, ആഡംബരവും, സ്വയം ഉയർത്തുവാനുള്ള വ്യഗ്രതയും തേൻകുടത്തിൽ വീഴുന്ന വിഷത്തുള്ളികൾ തന്നെ. ആഡംബരം ആപേക്ഷികമാണ് എന്ന പുതിയ തിയറി തെററാണ് എന്ന് നീതിന്മാരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. പ്രഭുവിന് തുല്യം ജീവിക്കാനുള്ളത് എല്ലാം ഉണ്ടായിട്ടും ക്രിസ്തുമാർഗ്ഗത്തോട് അനുരൂപപ്പെട്ട ഫ്രാൻസിസും, അർഹത ഉള്ള സകലവും ത്യജിച്ച് സ്വയം ത്യാഗത്തിന്റെ ബലിക്കല്ലിൽ ജീവിതം സൗര്യഭ്യവാസനയായി അർപ്പിച്ച നമ്മുടെ മാതാപിതാക്കളും സഹോദരങ്ങളും, പരിശുദ്ധ പിതാക്കന്മാരും യഥാർത്ഥ ആത്മികതയുടെ പ്രതീകങ്ങളാണ്. ഭൂരിപക്ഷത്തെ ന്യായീകരിക്കുവാൻ പുതിയ തിയറി രൂപികരിക്കുമ്പോൾ വിശ്വാസവീരന്മാരായ വിശുദ്ധവിഢികൾ യഥാർത്ഥ മാർഗം നമുക്ക് കാട്ടിത്തരുന്നു. പിറുപിറുപ്പില്ലാതെ, തൃപ്തരായി ക്രിസ്തുവിൽ ജീവിക്കുന്ന മാതൃക. ബേത്‌ലേഹം ഓഫർത്തായിൽ നമുക്ക് തുല്യനായിത്തീർന്ന ക്രിസ്തുവിന്റെ മാർഗ്ഗത്തോട് അനുരൂപപ്പെടുവാൻ ഓഫർത്താ നമ്മെ ക്ഷണിക്കുന്നു.

യൽദോപ്പെരുന്നാളിനോട് അനുബന്ധിച്ചും നോമ്പ് ഉപവാസം ക്രമീകരിച്ചിരിക്കുന്നു. ദൈവത്തെ കാണുവാനുള്ള ആത്മാവിന്റെ തീക്ഷ്ണതായാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. നോമ്പും ഉപവാസവും അനുരൂപപ്പെടലാണ്. ദാരിദ്ര്യംകൊണ്ട് ഉപവസിക്കുവാൻ നിർബന്ധിക്കപ്പെടുന്നവന്റെ അവസ്ഥയോടുള്ള താദാത്മ്യപ്പെടൽ. അനുഭവങ്ങളിലൂടെയാണ് അറിവ് ശക്തവും തീവ്രവുമാകുന്നത്. ചില അവസ്ഥകളെ നേരിട്ട് വിജയിക്കുന്നവരുടെ വാക്കുകൾക്ക് സമാനസാഹചര്യങ്ങളിലൂടെ കടന്നുപോകുന്നവർക്ക് മൃതസഞ്ജീവിനി ആയിത്തീരുന്നത് അതുകൊണ്ടാണ്. ദൈവമക്കൾ കടന്നുപോകുന്ന രോഗവും, പ്രതിസന്ധിയുമാകുന്ന തീച്ചൂള അനുരൂപപ്പെടലിന്റെ പാതയാണ്. സമാനയാഥാർത്ഥ്യങ്ങളിലൂടെ കടന്നുപോകുന്നവനെ തിരിച്ചറിയുവാനുള്ള പക്വത ഇത്തരം അനുഭവങ്ങളിലൂടെ നാം ആർജ്ജിക്കുന്നു. സകലത്തിലും വിശ്വസ്തനായി നിന്ന മനുഷ്യപുത്രനോളം സഹനത്തിന്റെ അനുഭവം നേരിട്ട മററാരും ഇല്ല. നമ്മുടെ അവസ്ഥകളെ നന്നായി അറിയാവുന്ന മററാരും ഇല്ല എന്ന് ചുരുക്കം. മനുഷ്യപുത്രനെ ദൈവം എന്ന് വിളിക്കുന്നതിന് കാരണവും അതുതന്നെ, സൃഷ്ടിയോട് താദാത്മ്യം പ്രാപിച്ച വീണ്ടെടുത്തവനായ മനുഷ്യപുത്രൻ.

നോമ്പുപവാസ ജാഗരണമാകുന്ന അദൃശ്യമായ ആത്മിക അടിത്തറയിൽ നിന്നുകൊണ്ട് പെരുന്നാളുകളിൽ പ്രവേശിക്കുന്നു. അടിത്തറ ഇല്ലാതെ കെട്ടിടം പൂഴിയിലാണ് പണിതിരിക്കുന്നത്, കാററിനും കോളിനും അതിനെ നിലം പരിശാക്കുവാൻ കഴിയും, വേരില്ലാത്ത മരവും ഇതുപോലെതന്നെ. കണ്ണീരും നോമ്പും, പ്രാർത്ഥനയും, ഹൃദയശുദ്ധിയുമാകുന്ന അടിത്തറ ബലപ്പെടുത്തുകയും, തലമുറകളെ പഠിപ്പിക്കുകയും ചെയ്യുമ്പോൾ നാം ഭാഗ്യവാൻ എന്ന വിളിക്ക് അർഹരായിത്തീരും. ഇത്തരം അടിത്തറ ഇളകിയാൽ പിന്നെ അധികകാലം ആർക്കും നിലനിൽപ്പില്ല. ക്രിസ്തുമസ് രാത്രി ആഹ്ളാദം മാത്രമാണ് എന്ന് നാം ധരിച്ചിരിക്കുന്നു. കാലിത്തൊഴുത്തിനോട് ചേർന്ന് കുറെ വേദനയുടെ കഥയുമുണ്ട്. പൂർണ്ണഗർഭിണിയായ ഭാര്യയോടൊത്ത് അലയുന്ന യൗസേപ്പിന്റെ ദീനഭാവം, ഇടം നിഷേധിക്കുന്നവർ. കെട്ടുറപ്പുള്ള കെട്ടിടങ്ങളിൽ കഴിയുവാൻ നിവൃത്തി ഇല്ലാതെ മഞ്ഞ് പെയ്യുന്ന നിലത്ത് ഉറങ്ങുവാൻ ശ്രമിക്കുന്ന ഇടയന്മാർ, മറിയത്തിന്റെ വേദന, ഇവയെല്ലാം ചേരുന്നതാണ് ക്രിസ്തുമസ് രാവ്. രക്ഷകന്റെ ജനനം ഈ വേദനകളെ എല്ലാം തുടച്ച് നീക്കുന്നു എന്നത് യാഥാർത്ഥ്യം. ഈ ക്രിസ്തുമസ് ദിനങ്ങളിലും നമുക്കിടയിൽ നൊമ്പരങ്ങളുണ്ട്. യാമങ്ങൾ എണ്ണിത്തീർക്കുന്ന ചിലർ നമുക്ക് ഒപ്പമുണ്ട്. മാനസിക, ശാരീരിക, സാമ്പത്തിക ഞെരുക്കങ്ങൾ നേരിടുന്നവർ ഇവരിൽ ഒരാളെ എങ്കിലും തിരിച്ചറിഞ്ഞ്, താദാത്മ്യപ്പെടുവാൻ എന്റെ എളിമ എന്നെ നിർബന്ധിക്കുന്നുവെങ്കിൽ എന്നിൽ രക്ഷകനാകുന്ന നക്ഷത്രം ഉദിച്ചു. നമ്മിലെ നന്മ ഈറൻ നിലാവ് പോലെ പെയ്തിറങ്ങട്ടെ ഭൂമിയെ കുളിർപ്പിക്കുന്ന പനിമഞ്ഞ് പോലെ നാം നന്മയുടെ ചാലുകളായി തീരട്ടെ. മൺചിരാത് അസ്തമയ സൂര്യനെ നോക്കി എന്നാലാവും വിധം എന്ന് ആശംസിച്ചതുപോലെ, ഈ കൂരിരുട്ടിൽ അൽപ്പം വെളിച്ച എന്നാലാവും വിധം പ്രകാശിപ്പിക്കാം .

ബേത്‌ലേഹം ഓഫർത്താ ക്ഷണിക്കുന്ന ലാളിത്യവും, തൃപ്തിയും അന്യമാകുമ്പോൾ ആത്മികതയും വികലമാകുന്നു. ആഢംബരം പാപമാണെന്ന് നമ്മെ ശാസിച്ച മാർ ഒസ്താത്തിയോസിനെപ്പോലെയുള്ള പിതാക്കന്മാർ നമുക്ക് ഉണ്ടായിരുന്നു. അസ്വസ്ഥതയുടെ കനലുകൾ നമ്മിലേക്ക് വാരിയിട്ട്, വിശുദ്ധമായ അസ്വസ്ഥതയിലൂടെ നമ്മിൽ കുറെപേരെ ദൈവമനുഷ്യരാക്കിയ പിതാക്കന്മാർ. അവരുടെ പരമ്പര ഇനിയും തുടരണം, നമുക്കിടയിൽ അവരുടെ ചൈതന്യമുള്ളവർ ജനിക്കണം. ഫ്രാർസിസ് മാർപാപ്പയുടെ ലാളിത്യവും വിനയവും പ്രസംഗത്തെക്കാൾ ശക്തമായി ലോകം മുഴുവൻ അലയടിക്കുന്ന ഈ കാലത്ത് അത്തരം വിശുദ്ധരുടെ ജീവിതം നമ്മെ അസ്വസ്ഥമാക്കണം. ഇനിയും കുറെ ദൂരം പോകുവാനുണ്ട് എന്നതിരിച്ചറിവ്.

ഒരു കൂട്ടം വിശുദ്ധ വിഢ്ഢികൾ നമുക്കിടയിൽ ഉള്ളതിനാൽ ദൈവത്തെ സ്തുതിക്കാം. ആഢംബരവും, ആർത്തിയും, പിറുപിറുപ്പും ഇല്ലാതെ ജീവിക്കുന്നവർ. ആയിരിക്കുന്ന ഇടവുമായി അനുരൂപപ്പെട്ടവർ, മററുള്ളവരെയും ഉന്നതമായ ദർശനങ്ങളിലേക്ക് കരേററിയവർ, ദൈവസ്നേഹം എന്ത് എന്ന് തിരിച്ചറിഞ്ഞ് സ്വയം വിനീതരായവർ. ഇവരുടെ ഗണത്തിലേക്ക് നമ്മിൽ കുറെപ്പേർ എങ്കിലും ചേർന്നേ മതിയാകൂ. എല്ലായിടവും മലിനം എന്ന് പരിതപിക്കാതെ, ഞാൻ എവിടെ നിൽക്കുന്നു എന്ന് തിരിച്ചറിഞ്ഞ്, സ്വയം രൂപാന്തരപ്പെടുവാനും ദൈവീക മൂല്യങ്ങളെ സ്വാംശീകരിക്കാനും സാധിക്കണം. ദൈവം സ്നേഹമാണ് എന്ന് ക്രിസ്തുമസ് നമ്മെ ഉറപ്പിക്കട്ടെ. ബേത്‌ലേഹം ഓഫർത്താ നൽകുന്ന വലിയ സന്ദേശമായ ലാളിത്യത്തിന്റെയും, വിനയത്തിന്റെയും, ഹൃദയശുദ്ധിയുടെയും പാത നമുക്ക് ചിര പരിചിതമായിത്തീരട്ടെ. കത്തിജ്വലിക്കുന്ന വിളക്കുപ്പോലെ കൂടുതൽ പ്രഭചൊരിയുവാൻ തമ്പുരാൻ നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ജനനപ്പെരുന്നാളിന്റെ എല്ലാ നന്മയും അനുഗ്രവും തമ്പുരാൻ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു.

# ക്രിസ്തുമസ്

ഫാ. ജോൺസൺ പി. കുരുവിള

ക്രിസ്തുമസ് എന്ന് പദത്തിന് ക്രിസ്തുവിന്റെ പിറവി എന്നതിനൊപ്പം ക്രിസ്തുവിന്റെ കുർബ്ബാന എന്നും അർത്ഥമുണ്ട്.

## ക്രിസ്തുമസ് ഡിസംബർ 25 ന്

യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു ശേഷം അവിടുത്തെ മഹത്വം ലോകമെങ്ങും വ്യാപിച്ചു. റോമാ സാമ്രാജ്യം യേശുവിനെ ദൈവവും രക്ഷകനുമായി സ്വീകരിച്ചപ്പോൾ, റോമാക്കാർ എല്ലാവർഷവും ഡിസംബർ 25ന് ആഘോഷിച്ചു വരുന്ന അജയ്യ സൂര്യദേവന്റെ പെരുന്നാൾ മാററി പകരം ആ ദിവസം നീതിസൂര്യനായ് യേശുക്രിസ്തുവിന്റെ ജനനപെരുന്നാളായി പ്രഖ്യാപിക്കപ്പെടുകയും 4-ാം നൂററാണ്ടു മുതൽ ഈ പെരുന്നാൾ ആഘോഷിക്കപ്പെററുകയും ചെയ്തു വരുന്നു.

## പുൽക്കൂട്

1223ൽ വി. ഫ്രാൻസിസ് അസീസിയാണ് യേശുവിന്റെ പുൽക്കൂട്ടിലെ പിറവിയെ അടിസ്ഥാനമാക്കി ആദ്യ പുൽക്കൂട് നിർമ്മിച്ചത്.

## ക്രിസ്മസ് ട്രീ.

ക്രിസ്മസ് ട്രീയുടെ ആരംഭത്തെ പററി രണ്ട് അഭിപ്രായമുണ്ട്.

1. പതിമൂന്നാം നൂററാണ്ടിൽ ജർമ്മനിയിൽ ക്രിസ്മസ് ട്രീ നിർമ്മിക്കപ്പെടുകയും, ക്രമേണ ലോകമെങ്ങും വ്യാപിക്കുകയും ചെയ്തു. മനുഷ്യനും ദൈവമുമായുള്ള ബന്ധം ഇല്ലാതാകാൻ പറുദീസായിലെ വൃക്ഷം കാരണമായി. -മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിലെ തകർച്ച മാററി ആ ബന്ധം വീണ്ടും പുനസ്ഥാപിക്കാൻ കുരിശുമരണം കാരണമായി. ഈ രണ്ടും മരങ്ങളെയും ഓർമ്മിപ്പിക്കുന്ന പ്രതീകമാണ് ക്രിസ്മസ് ട്രീ.
2. 16-ാം നൂററാണ്ടിൽ ജർമ്മനിയിലെ മാർട്ടിൻ ലൂദറാണ് ക്രിസ്മസ് ട്രീയുടെ ഉത്ഭവത്തിന് കാരണഭൂതൻ എന്നു പറയപ്പെടുന്നു. ക്രിസ്മസിന് തലേരാത്രിയിൽ പൈൻ മരങ്ങൾ തങ്ങിനിൽക്കുന്ന സ്ഥലത്തുകൂടി നടന്നുപ്പോയ ലൂതർക്ക് മരങ്ങൾക്കിടയിൽ കൂടി നക്ഷത്രങ്ങൾ തിങ്ങി നിൽക്കുന്ന കാഴ്ച്ചകണ്ട് സന്തോഷം തോന്നി. അദ്ദേഹം ഒരു ചെറിയ മരം വെട്ടി വീട്ടിൽ കൊണ്ടുപോയി അലങ്കരിച്ചു. അതിനുശേഷം ഈ രീതി ലോകത്തിൽ വന്നു.

## സാന്താക്ലോസ് അഥവാ ക്രിസ്മസ് പപ്പ

സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം പാപവഴികളിലൂടെ സഞ്ചരിക്കാൻ മൂന്ന് യുവതികൾ തീരുമാനിക്കുന്നു. അവരുടെ ഭവനത്തിന് മുന്നിലൂടെ കടന്നുപോയ നിക്കോളാസ് അച്ചൻ ഈ ആലോചന കേൾക്കാനിടയായി. അദ്ദേഹം രാത്രി സമയങ്ങളിൽ ആ പെൺകുട്ടികളുടെ ഭവനത്തിനു മുകളിലുള്ള ചിമ്മിനിയിലൂടെ അവർക്കു വേണ്ട പണം ഇട്ടു കൊടുത്തു. അങ്ങനെ രണ്ടുപേരുടെ വിവാഹം നടന്നു. മൂന്നാമത്തെ യുവതിയുടെ വിവാഹത്തിനുള്ള പണം അച്ചൻ ഭവനത്തിലേക്ക് ഇട്ടുകൊടുത്ത സമയം ഭവനത്തിലുണ്ടായിരുന്നവർ ഉറക്കമൊഴിഞ്ഞിരുന്ന് അച്ചനെ പിടികൂടുകയും അദ്ദേഹത്തിന് നന്ദിയർപ്പിക്കുകയും ചെയ്തു. ഈ സംവത്തെ അടിസ്ഥാനപ്പെടുത്തിയാണ് ക്രിസ്മസ് കരോൾ സംഘത്തോടൊപ്പം നമ്മുടെ ഭവനങ്ങളിലെത്തുന്ന ക്രിസ്മസ് പപ്പ അഥവാ സാന്താക്ലോസ്. വി. നിക്കോളാസ് അച്ചനാണ് സാന്താക്ലോസ് എന്ന പേരിൽ അറിയപ്പെടുന്നത് എന്ന് പറയുന്നു.

## ക്രിസ്മസ് കരോൾ

യേശുകുഞ്ഞിന്റെ രൂപത്തിൻ ചുററും നിന്ന് പാട്ടുകൾ പാടുന്ന രീതി നാലാം നൂററാണ്ടുമുതൽ നിലവിലുണ്ടായിരുന്നു. പതിമൂന്നാം നൂററാണ്ടിൽ വി. ഫ്രാസിസ് അസീസി ഇതിന് കൂടുതൽ പ്രാധാന്യം നൽകി. വീടുകൾ തോറും കയറി പാട്ടുകൾ പാടി യേശുദേവന്റെ ജനനത്തെ വിളിച്ചറിയിക്കുന്ന രീതി പതിനഞ്ചാം നുററാണ്ടിൽ നിലവിൽ വന്നു. സൈലന്റ് നൈററ്, ഹോളി നൈററ് എന്ന പ്രസിദ്ധമായ പാട്ട് 1818ൽ ഓസ്ട്രിയൻ വൈദികനായ ഫാദർ ജോസഫ് മോഹർ ആണ് രചിച്ചത്. ആ വർഷം ക്രിസ്മസിന്റെ തലേ രാത്രി തന്റെ പള്ളിയിലെ ഓർഗൻ എലി കരണ്ടു നശിപ്പിച്ചതിലുള്ള ദു:ഖവുമായി നടന്ന ഫാദർ ക്രിസ്മസ് പാട്ടുകൾക്ക് താളം പകരുവാൻ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി. രാത്രിയിൽ പുറത്തേക്ക് നടക്കാനിറങ്ങിയ അദ്ദേഹം അവിചാരിതമായി ഒരു കുന്നിൻ മുകളിൽ നിൽക്കുകയും നക്ഷത്രങ്ങൾ തിളങ്ങി നിന്ന ശാന്തമായ ആ രാത്രിയിൽ ബേത്ലഹേമിലെ ആദ്യ ക്രിസ്മസ് രാത്രിയെപ്പററി ഓർക്കുകയും അദ്ദേഹത്തിന്റെ നാവിൽ നിന്ന് നാലുവാക്കുകൾ പുറത്തുവരുകയും ചെയ്തു. സൈലന്റ് നൈററ്, ഹോളി നൈററ് ഉടൻ തന്നെ പള്ളിയിൽ തിരിച്ചുപോയി കുറെ വരികൾ കൂടി എഴുതി പാട്ട് പൂർത്തിയാക്കി. രാവിലെ ഫാദറിന്റെ സ്നേഹിതനായ ക്വയർ മാസ്റ്റർ ഫ്രാൻസ് ഗ്രബർ ഇതിൽ ഈണം നൽകി. ക്രിസ്മസ് രാത്രിയിൽ ഈ പാട്ട് ഗിററാർ മാത്രം ഉപയോഗിച്ച് ഭംഗിയായി പാടി. പള്ളിയിലെ ചടങ്ങുകൾക്ക് ശേഷം ക്വയർ മാസ്റ്ററുടെ ഭാര്യ പറഞ്ഞത് ഇന്നു സാക്ഷാത്കരിക്കപ്പെട്ടിരിക്കുകയാണ്. നാമെല്ലാവരും മരിച്ചു പോകും. എന്നാൽ സൈലന്റ് നൈററ് ഹോളി നൈററ് എന്ന പാട്ട് എന്നെന്നും ജീവിക്കും.